QP CODE: 21000705

21000705

Reg No : .....................

Name : .....................

# M A DEGREE (CSS) EXAMINATION, JULY 2021

## Fourth Semester

Faculty of Language and Literature

M A MALAYALAM

## Elective - ML800402 - DALIT-STHREE-PARISTHITHI SAHITYA VICHARAM

2019 Admission Onwards

D2EAE86E

Time: 3 Hours | Weightage: 30

**Part A (Short Answer Questions)**

*Answer any **eight** questions.*

*Weight **1** each.*

1. ദലിത് സ്ത്രീവാദത്തെ പരിചയപ്പെടുത്തുക
2. സ്ത്രൈണ ആത്മീയത എന്ന ആശയത്തെ പരിചയപ്പെടുത്തുക
3. സ്ത്രീപക്ഷരചന,സ്ത്രീവാദ രചന എന്നീ ആശയങ്ങളെ പരിചയപ്പെടുത്തുക
4. സ്ത്രീപക്ഷമാദ്ധ്യമപഠനങ്ങൾ - വിലയിരുത്തുക
5. “മതം വച്ച് കളിക്കാൻ ആളേക്കിട്ടും ഇതിപ്പോ ഞങ്ങടെ കാർന്നോമ്മാരല്ലേ”-സമകാലിക ജീവിതാവസ്ഥയുടെ അടയാളമായി ഈ വാക്യം മാറുന്നതെങ്ങനെ?
6. ‘പെരക്കും പയ്യനും കുറ്റിമേടുമ്പോ നേരവും കാലവും നോക്കണം’ സന്ദർഭം വ്യക്തമാക്കുക
7. തൊഴിൽകേന്ദ്രത്തിലേക്ക്’ എന്ന നാടകത്തിന്റെ ചരിത്രപ്രാധാന്യം വ്യക്തമാക്കുക
8. സാഹിത്യരചനയിൽ ഓർമ്മക്കുറിപ്പുകൾക്കുള്ള സ്ഥാനം ‘ഒരുവൾ നടന്ന വഴികൾ’എന്ന കൃതിയെ മുൻനിർത്തി അടയാളപ്പെടുത്തുക.
9. പരിസ്ഥിതി നശീകരണത്തെ ചെറുത്തു തോല്പിക്കുന്ന ഗ്രാമീണജനതയുടെ പ്രതിനിധിയാണ് മീനാക്ഷി.നിരൂപണം ചെയ്യുക
10. മിനമാത്താ റാലികളിൽ മുഴങ്ങിക്കേട്ട "ജനക് ഷബാ' എന്ന പദത്തിന്റെ പ്രാധാന്യമെന്ത്?

(8×1=8 weightage)



Turn Over

## Part B (Short Essay/Problems)

*Answer any **six** questions.*

*Weight **2** each.*

11. ജാതി -വർണ്ണ മൂല്യങ്ങൾക്കും അതിന്റെ സാമൂഹിക അവബോധത്തിനും പകരം ചരിത്രം കണ്ടെത്തിയ മാനവികമൂല്യങ്ങളാണ് 'ദളിത് അവബോധം' വിശദമാക്കുക.
12. കേരളത്തിലെ ആദിവാസിഭാഷയ്ക്ക് ഒരാമുഖം തയ്യാറാക്കുക.
13. 'ശംബൂകൻ' എന്ന കവിതയുടെ രാഷ്ട്രീയപാഠമെന്തെന്നു വിവരിക്കുക.
14. ജാതിയും ലിംഗവും ദലിത് ഫെമിനിസ്റ്റ് പരിപ്രേക്ഷ്യത്തിൽ രേഖ രാജ് അവതരിപ്പിക്കുന്നത് എങ്ങനെ ?
15. 'കാലന്റെയുദ്യമം കാലക്രമേണയാ- യിരുകാലിക്കൂട്ടങ്ങളേറ്റെടുത്തീടവേ'- സന്ദർഭവും സംഗത്യവും വ്യക്തമാക്കുക
16. കെ സരസ്വതിയമ്മ,മാധവിക്കുട്ടി,കെ. ആർ.മീര ഇവരുടെ രചനകളിൽ പ്രത്യക്ഷപ്പെടുന്ന സ്ത്രീകഥാപാത്രങ്ങളുടെ പ്രത്യേകതകൾ പാഠഭാഗം ആസ്പദമാക്കി വിവരിക്കുക
17. ഭൂമിയെയും കലാപത്തെയും കുറിച്ച് എന്റെ രാഷ്ട്രീയം എന്ന കവിത മുന്നോട്ടു വെയ്ക്കുന്ന ജൈവ രാഷ്ട്രീയമാനങ്ങൾ വിലയിരുത്തുക
18. പരിഷ്കൃത മനുഷ്യന്റെ ചൂഷണത്തിന് ഇരയായ കാടിന്റെയും കാട്ടുമക്കളുടെയും കഥയാണ് ഞാനും എന്റെ ദൈവവും. വിശദീകരിക്കുക.

(6×2=12 weightage)

## Part C (Essay Type Questions)

*Answer any **two** questions.*

*Weight **5** each.*

19. മലയാളത്തിലെ ദലിത് പെണ്ണെഴുത്തിനെക്കുറിച്ചൊരു വിവരണം തയ്യാറാക്കുക.
20. ഭൂമിയുടെ നിറം,കണ്ടൽക്കാടുകൾക്കിടയിൽ എന്റെ ജീവിതം എന്നീ ആത്മകഥകളിൽ പ്രതിഫലിക്കുന്ന ജീവിതാവബോധത്തെ താരതമ്യം ചെയ്തു വിലയിരുത്തുക
21. സ്ത്രീവാദ വായനയുടെ രാഷ്ട്രീയമാണ് മലയാളത്തിലെ സ്ത്രീ വിമർശനത്തെ ശക്തമാക്കുന്നത് – പാഠഭാഗത്തുള്ള ലേഖനങ്ങളെ അടിസ്ഥാനമാക്കി വിവരിക്കുക
22. പ്രകൃതിയുടെ തുടിപ്പുകൾ അടിസ്ഥാന വർഗ്ഗത്തിന്റെ ജീവിതത്തോട് ചേർന്നു നില്ക്കുന്നു എന്നതിന് കല്ലേൻ പൊക്കുടന്റെ ആത്മകഥ നിദർശനമാകുന്നതെങ്ങനെ?

(2×5=10 weightage)